11
വെള്ളി
2018 മെയ്
1193 മേടം 28

മക്തബ്

www.makthabdaily.com

സംരംഭകർക്കൊരു സന്തോഷ വാർത്ത

സൂപ്പർമാർക്കറ്റ്, ബേക്കറി, ഷോറൂമുകൾ, കൂൾബാർ, ബ്യൂട്ടി പാർലറുകൾ, സർവ്വീസ് സെന്റർ, ഫാസ്റ്റ് ഫുഡ്, ഫർണ്ണീച്ചർ ഷോപ് തുടങ്ങി വിവിധ സംരംഭങ്ങൾക്ക് ആലക്കോട്, കരുവഞ്ചാൽ, ചാണോക്കുണ്ട് ടൗണുകളിൽ ബിൽഡിംഗ് റൂമുകൾ, P P ബിൽഡിംഗ്, ക്വാർട്ടേഴ്സുകൾ വാടകയ്ക്ക്. ബന്ധപ്പെടുക.

Mob: 8921076673, 9446467028

തളിപ്പറമ്പ പുസ്തകം 11 ലക്കം 168 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 4.00 രൂപ

വിസ വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയ ദമ്പതികളെ പിടികൂടിയത് സമർത്ഥമായ നീക്കത്തിലൂടെ

തളിപ്പറമ്പ: സൈപ്രസ് വിസ വാഗ്ദാനം ചെയ്ത് പത്ത് ലക്ഷത്തോളം രൂപ തട്ടിയെടുത്ത കേസിൽ തമിഴ്നാട് സ്വദേശികളായ ദമ്പതികളെ പോലീസ് അറസ്റ്റ് ചെയ്തത് അതീവസമർത്ഥമായ നീക്കത്തിലൂടെ. ഗൂഢല്ലൂർ മേലാവന്നിയൂർ ശ്രീകാന്ത് ബൽരാജ് (31), ഭാര്യ ശാന്തി പാർവതി (47) എന്നിവരെയാണ് തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി. വേണുഗോപാലിന്റെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിൽ ചെറുപുഴ എസ്.ഐ സുകുമാരൻ ചെന്നൈയിൽ ചെന്ന് പിടികൂടിയത്.

തിരുമേനി സ്വദേശി ജ്യതിൻ ജോൺ, സുഹൃത്ത് ബൈജു എന്നിവരിൽ നിന്നാണ് പത്ത് ലക്ഷം രൂപയോളം തട്ടിയെടുത്തത്. വിദേശത്ത് ജോലിക്ക് ശ്രമിക്കുന്നതിനിടയിൽ 2017 മാർച്ചിലാണ് സൈപ്രസിൽ ഒരു ലക്ഷം രൂപ ശമ്പളമുള്ള ജോലിയുടെ വിസയുണ്ടെന്ന് ചെന്നൈ വടവള്ളഞ്ചിയിലെ ശ്രീഗ്ലോബൽ കൺസൾട്ടൻസി എന്ന സ്ഥാപനത്തിന്റെ പരസ്യം ഓൺലൈനിലൂടെ യുവാക്കൾ കണ്ടത്. പരസ്യത്തിൽ കണ്ട മൊബൈൽ ഫോൺ നമ്പറിൽ ബന്ധപ്പെട്ടപ്പോൾ ശാന്തി ശ്രീകാന്ത് എന്ന് പരിചയപ്പെടുത്തിയ സ്ത്രീയാണ് ഫോൺ എടുത്തത്. വിസക്ക് അഞ്ച് ലക്ഷം രൂപ ചിലവ് വരുമെന്നും പണം ഉടനെ ശരിയാക്കണമെന്നും അവരുടെ ഭർത്താവ് ശ്രീകാന്തിന്റെ ഐ.സി.ഐ.സി.ഐ ബാങ്കിന്റെ കൊമരച്ചി ശാഖയിലെ അക്കൗണ്ടിലേക്ക് പണം അയക്കണമെന്നും നിർദേശിച്ചു. ഏപ്രിൽ മാസത്തിൽ യുവാക്കൾ അരലക്ഷം രൂപ വീതം അക്കൗണ്ടിൽ നിക്ഷേപിച്ചപ്പോൾ സൈപ്രസിലേക്കുള്ള വിസയുടെ എൻട്രിപെർമിറ്റ് യുവാക്കൾക്ക് അയച്ചുകൊടുത്തു. അത് ഒറിജിനലാണെന്ന് കണ്ടതോടെ യുവാക്കൾക്ക് സ്ഥാപനത്തെ കുറിച്ച് വിശ്വാസമായി. തുടർന്ന് 2017 ഏപ്രിൽ മുതൽ ജൂൺ വരെ ആറ് തവണകളായി രണ്ടുപേരും അഞ്ച് ലക്ഷം രൂപ വീതം ചെറുപുഴ ഫെഡറൽ ബാങ്ക് ശാഖ, ഗ്രാമീണ ബാങ്ക് ശാഖ എന്നിവ വഴി ശ്രീകാന്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു. രണ്ടാഴ്ചക്കുള്ളിൽ വിസ വരുമെന്നും ഉടൻ പോകാൻ തയ്യാറായിരിക്കണമെന്നും ശാന്തി ശ്രീകാന്ത് പറഞ്ഞു. എന്നാൽ രണ്ട് മാസം കഴിഞ്ഞിട്ടും വിസ ലഭിക്കാത്തതിനെ തുടർന്ന് യുവാക്കൾ ബന്ധപ്പെട്ടപ്പോൾ പല ഒഴിവുകഴിവുകളും പറഞ്ഞു. ഇതോടെ സംശയം തോന്നിയ യുവാക്കൾ വടപളനിയിൽ എത്തി. എന്നാൽ അവിടത്തെ ഓഫീസ് പൂട്ടി പ്രതികൾ മുങ്ങിയിരുന്നു. ചതിക്കപ്പെട്ടുവെന്ന് മനസിലാക്കിയ യുവാക്കൾ ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകി. കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ എസ്.പി. ചെറുപുഴ പോലീസിന് നിർദേശം നൽകി. പോലീസ് ഇവരുടെ മൊബൈൽ ഫോൺ വിവരങ്ങൾ പരിശോധിച്ചപ്പോൾ പഞ്ചാബ്, ലുധിയാന, രാജസ്ഥാൻ തുടങ്ങിയ സ്ഥലങ്ങളിലാണെന്ന് മനസിലായി.

ശാന്തി പാർവതിയും ശ്രീകാന്ത് ബൽരാജും

പ്രതികളെ കണ്ടെത്തുക എളുപ്പമല്ലെന്ന് മനസിലാക്കിയ പോലീസ് തമിഴ്നാട് പോലീസുമായി ബന്ധപ്പെട്ടപ്പോൾ അവിടെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ഇവർക്കെതിരെ കേസുണ്ടെന്ന് മനസിലായി. തുടർന്ന് പോലീസ് ബുദ്ധിപരമായ നീക്കത്തിലൂടെ പ്രതികളെ കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു. ഒരുഘട്ടത്തിലും പോലീസ് പ്രതികളുടെ ഫോൺ നമ്പറിൽ ബന്ധപ്പെട്ടിട്ടില്ല. മറിച്ച് പരാതിക്കാരോട് പണം തിരികെ ചോദിച്ച് വാട്സ് ആപ്പ് സന്ദേശങ്ങളും ഫോൺ സന്ദേശങ്ങളും അയപ്പിക്കാൻ തീരുമാനിച്ചു. ഇവിടെ ഇവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത വിവരം അറിയാതിരിക്കാനായിരുന്നു പോലീസ് ഇങ്ങനെയൊരു നിർദേശം നൽകിയത്. തുടർന്ന് ഇവരുടെ ഫോൺകോൾ എടുത്ത് പരിശോധിച്ചപ്പോൾ മുംബൈ, ആന്ധ്ര, കർണ്ണാടക തുടങ്ങിയ സ്ഥലങ്ങളിൽ ഇവർ മാറിമാറി താമസിക്കുകയാണെന്ന് വ്യക്തമായി. കഴിഞ്ഞയാഴ്ച ഫോൺ വിവരങ്ങൾ പരിശോധിച്ചപ്പോൾ പ്രതികൾ തമിഴ്നാട്ടിൽ എത്തിയിട്ടുണ്ടെന്ന് മനസിലായി. ഇക്കാര്യം എസ്.ഐ തളിപ്പറമ്പ് ഡി.വൈ.എസ്.പിയെ അറിയിച്ചു. അദേഹത്തിന്റെ നിർദേശപ്രകാരം അന്വേഷണ സംഘത്തിലുണ്ടായിരുന്ന സിവിൽ പോലീസ് ഓഫീസർമാരായ രതീഷ് കുന്നുൽ, ഭാസ്കരൻ എന്നിവർ ചെന്നൈക്കടുത്ത കടലൂർ എന്ന സ്ഥലത്തെത്തി.

(ശേഷം നാലാം പേജിൽ)

ഇരിട്ടിയിൽ സ്റ്റീൽബോംബും നിർമ്മാണ സാമഗ്രികളും പിടികൂടി

ആയുധങ്ങൾക്കായി റെയ്ഡ് തുടരുന്നു

ഇരിട്ടി: കീഴൂർ പടിയിൽത്താഴെ ആയുധങ്ങൾ ഒളിപ്പിച്ചുവെച്ചിട്ടുണ്ടെന്ന രഹസ്യ വിവരത്തെ തുടർന്ന് പോലീസ് നടത്തിയ റെയ്ഡിൽ ഉഗ്രശേഷിയുള്ള സ്റ്റീൽ ബോംബും ബോംബ് നിർമ്മാണ സാമഗ്രികളും പിടിച്ചെടുത്തു. വള്ളിയാട് അങ്കൻവാടി പരിസരത്ത് നിന്നാണ് ഇവ പിടിച്ചെടുത്തത്. സ്റ്റീൽ ബോംബിന് പുറമെ പെയിന്റ് പാത്രത്തിൽ നിറച്ച കരി, കണ്ടൈനർ എന്നിവയാണ് പിടികൂടിയത്. ഇവ ബോംബ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതാണ്.

ഇന്ന് രാവിലെ 9.30ഓടെയാണ് ഇരിട്ടി സി.ഐ രാജീവൻ വലിയവളപ്പിലിന്റെ നേതൃത്വത്തിൽ കണ്ണൂരിൽ നിന്നെത്തിയ ഡോഗ്സ്ക്വാഡ് എന്നിവയുടെ സഹായത്തോടെ റെയ്ഡ് തുടങ്ങിയത്. പത്ത് മണിയോടെയാണ് ബോംബും അനുബന്ധ സാമഗ്രികളും കണ്ടെടുത്തത്. മറ്റെവിടെയോ ഒളിപ്പിച്ചുവെച്ചവയാണ് ഇവയെന്നാണ് പോലീസ് സംശയിക്കുന്നത്. അവിടെ പോലീസ് റെയ്ഡ് നടത്തുമെന്ന് സംശയിച്ച് വള്ളിയാട് അങ്കൻവാടി പരിസരത്തേക്ക് മാറ്റി ഒളിപ്പിച്ചുവെച്ചതാണെന്ന് കരുതുന്നു. വള്ളിയാടും പരിസരപ്രദേശങ്ങളിലുമായി റെയ്ഡ് തുടരുകയാണ്.

ജില്ലയുടെ പലഭാഗങ്ങളിൽ നിന്നും പലപ്പോഴായി പോലീസ് റെയ്ഡ് നടത്തി ബോംബുകളും ആയുധ ശേഖരങ്ങളും പിടികൂടാറുണ്ടെങ്കിലും തുടരന്വേഷണം നടക്കാറില്ല. ബോംബുകൾ നിർവീര്യമാക്കുകയും ആയുധങ്ങൾ കസ്റ്റഡിയിൽ എടുക്കുകയും ചെയ്ത് അന്വേഷണം അവസാനിപ്പിക്കും. അതിനാൽ ഇതിന് പിറകിലുള്ളവരെ കണ്ടെത്താൻ കഴിയാറില്ല. കഴിഞ്ഞ ദിവസം മാഹിയിൽ സി.പി.എമ്മുകാരൻ വെട്ടേറ്റ് മരിച്ച് അരമണിക്കൂർ കഴിയുമ്പോഴേക്കും ആർ.എസ്.എസ്. പ്രവർത്തകനെ വെട്ടിക്കൊന്നിരുന്നു. രണ്ട് കൊലപാതകങ്ങളിലും മാരകായുധങ്ങളാണ് ഉപയോഗിച്ചത്. നിമിഷങ്ങൾക്കുള്ളിൽ മാരകായുധങ്ങൾ ശേഖരിച്ച് അക്രമിക്കാൻ കഴിയുന്ന രീതിയിൽ രാഷ്ട്രീയ പാർട്ടികൾക്ക് ആയുധ സംഭരണ കേന്ദ്രങ്ങൾ ഉണ്ടെന്നാണ് ഇത് നൽകുന്ന സൂചന.

പിടിച്ചെടുത്ത ബോംബും ആയുധങ്ങളും പോലീസ് പരിശോധിക്കുന്നു

രാഷ്ട്രീയ അതിപ്രസരമെന്ന റിപ്പോർട്ടിന് പിറകെ പോലീസ് സമ്മേളനത്തിൽ രക്തസാക്ഷി സ്തൂപത്തിന്റെ നിറം മാറ്റി

കോഴിക്കോട്: പോലീസിൽ രാഷ്ട്രീയ അതിപ്രസരം ഉണ്ടാകുന്നുവെന്ന ഇന്റലിജൻസ് റിപ്പോർട്ട് പുറത്ത് വന്നതോടെ പോലീസ് അസോസിയേഷൻ സംസ്ഥാന സമ്മേളന നഗരിയിൽ സ്ഥാപിച്ച രക്തസാക്ഷി സ്തൂപത്തിന്റെ നിറം മാറ്റി. നേരത്തെ പൂർണ്ണമായും ചുവപ്പായിരുന്ന സ്തൂപത്തിന്റെ നിറം നീലയും ചുവപ്പും ആക്കിയാണ് മാറ്റിയത്. സ്തൂപത്തിന്റെ ഫ്ളാറ്റ് ഫോമിന്റെ നിറം നീലയും മുകൾഭാഗത്തെ നിറം ചുവപ്പും ആക്കുകയായിരുന്നു. രക്തസാക്ഷി സ്തൂപം എന്നെഴുതിയത് പോലീസ് രക്തസാക്ഷി സ്തൂപം എന്നാക്കി മാറ്റുകയും ചെയ്തു.

രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന അർപ്പിക്കുമ്പോൾ മുദ്രാവാക്യം വിളികളൊന്നും ഉണ്ടായില്ല. അസോസിയേഷന്റെ ചില ജില്ലാ സമ്മേളനങ്ങളിൽ രക്തസാക്ഷികൾ സിന്ദാബാദ് എന്നും ഇങ്കിലാബ് സിന്ദാബാദ് എന്നും മുദ്രാവാക്യം വിളി ഉയർന്നതായും ആരോപണം ഉയർന്നിരുന്നു. സംസ്ഥാന പ്രസിഡണ്ട് പതാക ഉയർത്തുമ്പോൾ മാത്രമാണ് മുദ്രാവാക്യം വിളി ഉയർന്നത്. അത് മുഖ്യമായും പോലീസ് അസോസിയേഷൻ സിന്ദാബാദ് എന്ന നിലയിലായിരുന്നു.

അസോസിയേഷൻ ജില്ലാ സമ്മേളനങ്ങളിലെ രാഷ്ട്രീയ അതിപ്രസരം അപകടകരമാണെന്നും സംസ്ഥാന പോലീസ് മേധാവി ഉടൻ ഇടപെടണമെന്നും ഇന്റലിജൻസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇതേതുടർന്നാണ് അസോസിയേഷൻ സമ്മേളനത്തിൽ മാറ്റങ്ങൾ ഉണ്ടായത്.

മുദ്രാവാക്യം വിളി അന്വേഷിക്കാൻ ഡി.ജി.പിയുടെ ഉത്തരവ്

തിരുവനന്തപുരം: പോലീസ് അസോസിയേഷൻ ജില്ലാ സമ്മേളനങ്ങളിൽ പാർട്ടി സമ്മേളനങ്ങളെ അനുസ്മരിപ്പിക്കുന്ന രീതിയിൽ രക്തസാക്ഷികൾ സിന്ദാബാദ് എന്നും ഇങ്കിലാബ് സിന്ദാബാദ് എന്നും മുദ്രാവാക്യം വിളിച്ചു എന്ന ആരോപണം അന്വേഷിക്കാൻ ഡി.ജി.പി നിർദേശം നൽകി. റെയിഞ്ച് ഐ.ജിമാർ അന്വേഷിച്ച് റിപ്പോർട്ട് നൽകാനാണ് ഉത്തരവ് നൽകിയത്. ചട്ടലംഘനം ഉൾപ്പെടെയുള്ള കാര്യങ്ങൾ അന്വേഷിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

ദുരൂഹസാഹചര്യത്തിൽ യുവാവ് മരിച്ചു

മയ്യിൽ: മദ്യപർ തമ്മിലുണ്ടായ സംഘട്ടനത്തിനിടയിൽ സംഭവസ്ഥലത്തിന് സമീപം വാടകക്ക് താമസിക്കുന്നയാൾ മരിച്ചതായി പരാതി. കൊയിലാണ്ടി സ്വദേശിയായ വിനോദ് എന്ന ബാബുവാണ് മരിച്ചത്. കഴിഞ്ഞ ദിവസം രാത്രി മയ്യിൽ ഇരുവാപ്പുഴ നമ്പ്രത്തെ മുഹമ്മദിന്റെ കടക്ക് സമീപം മദ്യപാനികൾ സംഘട്ടനത്തിലേർപ്പെട്ടിരുന്നു. ബഹളം കേട്ട് ഇതിനടുത്ത് താമസിക്കുന്ന ബാബു പ്രശ്നത്തിൽ ഇടപെട്ടതായി പറയുന്നു. ഇതേ തുടർന്ന് പരിക്കേറ്റ ബാബുവിനെ മയ്യിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും രാത്രിയോടെ മരണപ്പെടുകയായിരുന്നു. മൃതദേഹം ബന്ധുക്കൾ ഏറ്റുവാങ്ങി കൊയിലാണ്ടിയിൽ കൊണ്ടുപോയി സംസ്കരിക്കുകയും ചെയ്തു. സംഘട്ടനത്തിലാണ് ഇയാൾ മരിച്ചതെന്ന രീതിയിൽ ഇന്ന് രാവിലെയോടെയാണ് വാർത്ത വന്നത്. അതേസമയം മയ്യിൽ ആശുപത്രിയിൽ നിന്നോ ബന്ധുക്കളിൽ നിന്നോ യാതൊരുവിവരവും പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ലെങ്കിലും ഇതേ കുറിച്ച് അന്വേഷണം ആരംഭിച്ചതായി മയ്യിൽ എസ്.ഐ ബാബുമോൻ അറിയിച്ചു.

ഇരിക്കൂറിൽ പി.ഡബ്ല്യു.ഡി റസ്റ്റ്ഹൗസ് അടിച്ചു തകർത്തു

ഇരിക്കൂർ: പി.ഡബ്ല്യു.ഡി റസ്റ്റ്ഹൗസിന് നേരെ സാമൂഹ്യവിരുദ്ധ അക്രമം. ഇന്നലെ രാത്രി 9.30 ഓടെയായിരുന്നു അക്രമം നടന്നത്. റസ്റ്റ്ഹൗസിന്റെ മതിൽ ഇടിച്ചു തകർത്തു. മുൻവശത്തെ ഏഴ് ജനൽ ഗ്ലാസുകളും പിറകുവശത്തെ ഒരു ഗ്ലാസും തകർത്തിട്ടുണ്ട്. വാച്ച്മാൻ ടി.വി.സതീശൻ ഭക്ഷണം കഴിക്കാൻ പുറത്തുപോയ സമയത്തായിരുന്നു അക്രമം. നേരത്തെയും റസ്റ്റ്ഹൗസിന് നേരെ സാമൂഹ്യവിരുദ്ധ അക്രമം നടന്നിട്ടുണ്ട്.

സജി ചെറിയാന്റെ പത്രിക്കെതിരെ പരാതി

ചെങ്ങന്നൂർ: ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥി സജി ചെറിയാന്റെ പത്രിക്കെതിരെ പരാതി. സജി ചെറിയാന് അമ്പലപ്പുഴയിൽ ഒന്നരക്കോടി രൂപ വിലമതിപ്പുള്ള സ്വത്തിന്റെ കാര്യം നാമനിർദേശപത്രിക്ക് ഒപ്പം സമർപ്പിച്ച സ്വത്ത് വിവരത്തിൽ മറച്ചുവെച്ചുവെന്ന് സ്വതന്ത്ര സ്ഥാനാർത്ഥിയാണ് സൂക്ഷ്മ പരിശോധനക്കിടയിൽ ആദ്യം ആരോപണം ഉന്നയിച്ചത്. പിറകെ യു.ഡി.എഫ്, ബി.ജെ.പി സ്ഥാനാർത്ഥികളും ആരോപണം ഏറ്റുപിടിച്ചു. ഇതോടെ സജി ചെറിയാന്റെ പത്രിക സ്വീകരിക്കുന്നത് വൈകിയിരിക്കുകയാണ്. മറ്റ് സ്ഥാനാർത്ഥികളുടെ പത്രിക സ്വീകരിച്ചു.

ടാഗോറിലെത്തിയ വിദ്യാർത്ഥികളും രക്ഷിതാക്കളും നട്ടംതിരിയുന്നു

തളിപ്പറമ്പ: ടാഗോർ വിദ്യാനികേതനിൽ പ്രവേശനത്തിനെത്തിയ വിദ്യാർത്ഥികളും രക്ഷിതാക്കളും കൃത്യമായ മറുപടി ലഭിക്കാതെ നട്ടംതിരിയുന്നു. കഴിഞ്ഞ ദിവസം പ്രവേശനത്തിനുള്ള അപേക്ഷ നൽകിയവരോട് ടി.സിയുമായി ഇന്ന് സ്കൂളിലെത്താനായിരുന്നു പറഞ്ഞിരുന്നത്. അതിന്റെ അടിസ്ഥാനത്തിലെത്തിയ വിദ്യാർത്ഥികളോടും രക്ഷിതാക്കളോടും ഞങ്ങൾക്കൊന്നും അറിയില്ല, പ്രവേശന നടപടികൾ ആരംഭിച്ചിട്ടില്ലെന്നാണ് സ്കൂൾ അധികാരികൾ പറഞ്ഞത്. പ്രവേശന പരീക്ഷ റദ്ദാക്കിയ നടപടി കഴിഞ്ഞ ദിവസം ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. ഇതേ തുടർന്നാണ് സ്കൂൾ പ്രവേശനം അനിശ്ചിതത്വത്തിലായത്.

വിഷം കഴിച്ച ബംഗാൾ സ്വദേശി മരിച്ചു

പാനൂർ: വിഷം കഴിച്ച നിലയിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച പശ്ചിമബംഗാൾ സ്വദേശി മരിച്ചു. ഇന്ദ്രജിത്ത് (26)ആണ് ഇന്ന് പുലർച്ചെ മരിച്ചത്. പോസ്റ്റുമോർട്ടത്തിന് ശേഷം മൃതദേഹം നാട്ടിലേക്ക് കൊണ്ടുപോകും. പാനൂരിനടുത്ത തങ്ങൾ പീടികയിലെ ഒരു കെട്ടിടത്തിലായിരുന്നു താമസം.

കഞ്ചാവുമായി യുവാവ് പിടിയിൽ

ഇരിട്ടി: കൂട്ടുപുഴ ചെക്ക്പോസ്റ്റ് എക്സൈസ് സംഘം നടത്തിയ വാഹന പരിശോധനക്കിടെ 25 ഗ്രാം കഞ്ചാവ് സഹിതം യുവാവിനെ പിടികൂടി. കൂത്തുപറമ്പിലെ ഷുഹൈബ് മൻസിലിൽ മുഹമ്മദ് സനദ് (20) ആണ് പിടിയിലായത്. ഇയാൾക്കെതിരെ എൻ.ഡി.പി.എസ് കേസെടുത്തു. എക്സൈസ് ഇൻസ്പെക്ടർ എ.മുഹമ്മദ് കുമാർ, പ്രിവന്റീവ് ഓഫീസർ പ്രകാശൻ, സിവിൽ എക്സൈസ് ഓഫീസർമാരായ ബൈജേഷ്, മനീഷ്, രാജീവ് എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

ഉറക്കത്തിൽ മൂത്രമൊഴിക്കുന്നത് മാറാൻ ചികിൽസ ശനിയാഴ്ച തളിപ്പറമ്പ് യതീംഖാനയിൽ

തളിപ്പറമ്പ: തളിപ്പറമ്പ് യതീംഖാനയിൽ ശനിയാഴ്ച രാവിലെ 7 മണി മുതൽ ഉച്ചക്ക് 1 മണിവരെ അക്യുപങ്ചർ ചികിത്സ ലഭിക്കും. മരുന്നില്ലാത്ത അക്യുപങ്ചർ നാഡി പരിശോധന ചികിത്സ എല്ലാ രോഗങ്ങൾക്കും ഫലപ്രദമാണ്. ഈ ചികിത്സ കൊണ്ട് ശരീരത്തിന്റെ മൊത്തം രോഗ പ്രതിരോധശേഷി വർധിക്കും. പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദ്ദം, ഹൃദ്രോഗം, കിഡ്നിയിലെ കല്ല്, മൂത്രക്കല്ല്, വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, ഓർമ്മക്കുറവ്, തലവേദന, ചെന്നിക്കുത്ത്, കൈകാൽ മുട്ടുവേദന, ഊരവേദനകൾ, തരിപ്പുകൾ തുടങ്ങി ശരീരത്തിലെ എല്ലാവേദനകളും കൈകാൽ വിള്ളൽ, ടോൺസൺസ്, തൈറോയിഡ്, ചുമ, അലർജി, കഫക്കെട്ട് തുടങ്ങി എല്ലാ രോഗങ്ങൾക്കും കുട്ടികളിലെ ഉറക്കത്തിൽ മൂത്രമൊഴിക്കൽ, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും, ഓർമ്മശക്തി വർധിപ്പിക്കാനും ഈ ചികിത്സ ഉപകരിക്കും. വിശദ വിവരങ്ങൾക്ക് 9142022833 എന്ന നമ്പറിൽ ബന്ധപ്പെടണം. Advt

വരാപ്പുഴ കസ്റ്റഡി മരണം: ശ്രീജിത്തിനെ ഹാജരാക്കുന്നതിൽ വീഴ്ച പറ്റിയത് പോലീസിനാണെന്ന് ഹൈക്കോടതി

എറണാകുളം: വരാപ്പുഴ കസ്റ്റഡിമരണക്കേസിൽ പോലീസിനെതിരെ ഹൈക്കോടതിയുടെ അന്വേഷണ റിപ്പോർട്ട്. ശ്രീജിത്തിനെ ഹാജരാക്കുന്നതിൽ വീഴ്ച പറ്റിയത് പോലീസിനാണെന്നും മജിസ്ട്രേട്ടിനല്ലെന്നും ഹൈക്കോടതിയുടെ അന്വേഷണ റിപ്പോർട്ട്.

മജിസ്ട്രേട്ട് പ്രതിയെ കാണാൻ വിസമ്മതിച്ചുവെന്നും ഹാജരാക്കിയിട്ടും റിമാന്റ് ചെയ്തില്ലെന്നും പരാതി ഉയർന്നിരുന്നു. ഇതേ തുടർന്നാണ് ഹൈക്കോടതി സംഭവം അന്വേഷിച്ചത്. പ്രതിയെ മജിസ്ട്രേട്ടിന് മുന്നിൽ ഹാജരാക്കിയിട്ടില്ലെന്നും ഫോണിൽ വിളിക്കുക മാത്രമാണ് ചെയ്തതെന്നും അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.